**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6493          21/11/2019 ൽ മറുപടിയ്ക്ക്**

**എറവ് റ്റി.എഫ്.എം. എൽ.പി. സ്കൂൾ ഏറ്റെടുക്കാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) മണലൂർ മണ്ഡലത്തിലെ അരിമ്പൂർ പഞ്ചായത്തിലെ അദ്ധ്യാപക മാനേജ്മെന്റ് നടത്തുന്ന എറവ് റ്റി.എഫ്.എം. എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് മാനേജ്മെന്റ് സമർപ്പിച്ച 18.12.2017-ലെ 4717/17M (Edn.) നിവേദനപ്രകാരം സ്വീകരിച്ച നടപടി വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത സ്കൂൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ കൈക്കൊണ്ട തുടർനടപടി എന്താണെന്ന് അറിയിക്കാമോ;<br><br>(സി) സർക്കാരിന് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാകാത്തവിധം ഈ സ്കൂൾ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (എ), (ബി) & (സി) മാനേജ്മെന്റ് സമർപ്പിച്ച നിവേദനത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാനായി പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളതായി പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ